**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1513** **11-09-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് യു.പി. സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് യു.പി. സ്കൂളുകളിൽ യു.പി. വിഭാഗത്തിൽ അദ്ധ്യാപകരായി ജോലി ചെയ്തിരുന്ന എത്ര പി.ഡി. ടീച്ചർ, യു.പി.എസ്. അദ്ധ്യാപകരാണ് 2023 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ സർവ്വീസിൽ നിന്ന് വിരമിച്ചത്; അതിലൂടെ യു.പി. വിഭാഗത്തിൽ എത്ര ഒഴിവുകളാണ് ജില്ലയിൽ ഉണ്ടായത്; എത്ര ഒഴിവുകളാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തത്; വിരമിക്കൽ മൂലം റിപ്പോർട്ട് ചെയ്യപ്പെട്ട മുഴുവൻ ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | എൽ.പി, യു.പി തസ്തികകളിൽ നിന്ന് 3/2023, 4/2023, 5/2023, 6/2023 മാസങ്ങളിൽ 60 പേർ വിരമിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 21 ഒഴിവുകൾ യു.പി വിഭാഗത്തിൽ ഉണ്ടായിട്ടുണ്ട്. നിലവിലുള്ള റേഷ്യോ പ്രകാരം 18 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിൽ 2013 അധ്യയന വർഷം നടത്തിയ എച്ച്.എം. പ്രമോഷനിൽ യു.പി. വിഭാഗത്തിലെ പി.ഡി. ടീച്ചർ, യു.പി.എസ് അദ്ധ്യാപകർ എന്നിവരിൽ എത്ര പേർക്കാണ് എച്ച്.എം. പ്രമോഷൻ ലഭിച്ചതെന്ന് അറിയിക്കാമോ; | (ബി) | 37 പേർക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. |
| (സി) | അതിലൂടെ എത്ര യു.പി.എസ്.ടി. ഒഴിവുകളാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ റിപ്പോർട്ട് ചെയ്തത്; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തു; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം അറിയിക്കാമോ; | (സി) | 21 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിനു ശേഷം ഒഴിവുകൾ കണക്കാക്കി ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | സമീപ ജില്ലകളിലെ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് എച്ച്.എം. പ്രമോഷൻ ആയതിലൂടെ ഉണ്ടായ യു.പി.എസ്.ടി. വേക്കൻസികൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഡി) | 2023-24 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായതിന് ശേഷമേ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ കഴിയൂ. |
| (ഇ) | 2022-23 വർഷം അദ്ധ്യാപക തസ്തിക നിർണ്ണയം നടത്തിയതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ എത്ര | (ഇ) | 2022-23 വർഷത്തെ അധ്യാപക തസ്തിക നിർണ്ണയത്തിന് ശേഷം ലഭ്യമായിട്ടുള്ള യു.പി.എസ്.ടി |

| | | | |
|---|---|---|---|
| | യു.പി.എസ്/പി.ഡി. ടീച്ചർ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; പ്രസ്തുത പോസ്റ്റ് ഫിക്സേഷൻ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | | യിലെ 23 ഒഴിവുകളിലും, എൽ.പി.എസ്.ടി യിലെ 22 ഒഴിവുകളിലും ചട്ട പ്രകാരമുള്ള ശതമാനം കണക്കാക്കി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ